# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2818 — 14/02/2013-ൽ മറുപടിക്ക്

## മൃഗശാലവളപ്പിൽ നിരീക്ഷണ ക്യാമറകൾ.

<u>ചോദ്യം</u>

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. ആർ. സെൽവരാജ്
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
ശ്രീ. വി.റ്റി. ബൽറാം.

<u>ഉത്തരം</u>

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മൃഗശാലകളിലെ മൃഗങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | (എ) | മൃഗങ്ങളുടെ സംരക്ഷണത്തിനായി അവയുടെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായ പരിബന്ധനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ പക്ഷി -മൃഗാദികൾക്കും ആവശ്യമായ പോഷകമൂല്യമുള്ള ആഹാരം നൽകുന്നതോടൊപ്പം പകർച്ചവ്യാധികൾ, മറ്റ് രോഗങ്ങൾ എന്നിവ തടയുന്നതിനുള്ള രോഗ പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. മൃഗങ്ങളുടെ കൂട്ടുകളിൽ ശുചിത്വം പാലിക്കുന്നതിനും മുൻഗണന നൽകിവരുന്നു. മൃഗങ്ങളെ പരിപാലിക്കുന്ന ജീവനക്കാരെ മറ്റ് മൃഗശാലകളിൽ അയച്ച് പരിശീലനം നൽകിവരുന്നു. |
| (ബി) | മൃഗശാലവളപ്പിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ; | (ബി) | മൃഗശാലവളപ്പിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സന്ദർശകർ മൃഗങ്ങളെ ഉപദ്രവിക്കുന്നതും ഇവയുടെ കൂട്ടുകളിൽ പ്ളാസ്റ്റിക് വസ്തുക്കളും ഭക്ഷണങ്ങളും എറിഞ്ഞ് കൊടുക്കുന്നതും തടയാൻ നിരീക്ഷണ ക്യാമറകൾ എത്രമാത്രം ഉപയോഗപ്പെടുമെന്നാണ് കരുതുന്നത് ; | (സി) & (ഡി) | മൃഗശാലകളിലെ വിവിധ സ്ഥലങ്ങളിലും കൂട്ടുകളിലും ക്യാമറകൾ സ്ഥാപിക്കുന്നതാണ്. സന്ദർശകർ മൃഗങ്ങളെ ഉപദ്രവിക്കുന്നുണ്ടോയെന്നും കൂട്ടുകളിലേക്ക് ഭക്ഷണങ്ങളും മറ്റ് വസ്തുക്കളും എറിഞ്ഞ് കൊടുക്കുന്നുണ്ടോയെന്ന് നിരീക്ഷിച്ച് ഇത്തരം സന്ദർശകരിൽ നിന്നും പിഴ ഈടാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ പിഴ ചുമത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമാണ് ? | | |

സെക്ഷൻ ഓഫീസർ